(ബി) ഇവയ്ക്ക് ഓരോന്നിനും നാളിതുവരെ ഓരോ വർഷവും ഗവൺമെൻറിൽനിന്നും നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിനും ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടം എത്ര;

(ഡി) ഈ മില്ലുകളിൽനിന്നും ഗവൺമെൻറിനു ലഭിക്കേണ്ട തുക ഇളവു ചെയ്തു കൊടുത്തിട്ടുണ്ടെങ്കിൽ ഓരോ വർഷവും എത്ര രൂപ വീതം ഇളവു ചെയ്തു കൊടുത്തിട്ടുണ്ട്; ഏതെല്ലാം കാരണങ്ങളാൽ?

ഉത്തരം

(എ) മന്നം ഷുഗർമിൽസും കോ–ഓപ്പറേറീവ് ഷുഗർസും 1964-ലാണ് സ്ഥാപിതമായത്.

(ബി) മന്നം ഷുഗർ മില്ലിന് 99.13 ലക്ഷം രൂപ ലോണായിട്ടും ചിറ്റൂർ ഷുഗർ മില്ലിന് 13 ലക്ഷം രൂപ ലോണായിട്ടും 33 ലക്ഷം രൂപ ഷെയറായിട്ടും നൽകിയിട്ടുണ്ട്.

(സി) ഓരോ സ്ഥാപനത്തിന്റേയും ലാഭനഷ്ടത്തിന്റെ സ്റ്റേറ്റ്മെൻറ് അനുബന്ധമായി വെച്ചിട്ടുണ്ട്*.

(ഡി) ഇളവു ചെയ്തു കൊടുത്തിട്ടില്ല.

കൈത്തറിത്തുണി സംസ്കരണ കേന്ദ്രം

761 [1124] ശ്രീ. എ. വി. താമരാക്ഷൻ:
ശ്രീ. കല്പട നാരായണൻ:
ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രേഡിംഗ് കോർപ്പറേഷന്റേയും വ്യവസായ വാണിജ്യ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ കല്ലൂരിൽ ഒരു കൈത്തറിത്തുണി സംസ്കരണ കേന്ദ്രം ആരംഭിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് എത്ര ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരം ഒരു കേന്ദ്രം കൊല്ലം ജില്ലയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

*അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രേഡിംഗ് കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ ഒരു കൈത്തറിത്തുണി സംസ്കരണ കേന്ദ്രം കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 25 ലക്ഷം രൂപ.

(സി) ആവശ്യമായ യന്ത്രസാമഗ്രികളും ഫാക്ടറിയിൽ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്.

(ഡി) പരിഗണിച്ചു വരികയാണ്.

ടൈറാനിയം കോംപ്ലക്സ്

762 [1126] ശ്രീ. കല്ലട നാരായണൻ:

ശ്രീ. ത്യാഗരാജൻ:

ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ ആരംഭിക്കുന്ന ടൈറാനിയം കോംപ്ലക്സിനു് ആകെ എത്ര സ്ഥലം വേണ്ടി വരും;

(ബി) ഇതിനകം എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തു;

(സി) ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്തില്ലെങ്കിൽ അതിനുള്ള കാരണങ്ങളും, വ്യക്തമാക്കുമോ;

(ഡി) ഈ കോംപ്ലക്സിൻറെ പ്രവർത്തനം ഏതു വർഷം ആരംഭിക്കുവാൻ കഴിയുമെന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ) 210 ഏക്കർ.

(ബി) 200 ഏക്കർ.

(സി) ശേഷിച്ച 10 ഏക്കർ അക്വയർ ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

(ഡി) 1981-82 വർഷത്തിൽ ഉൽപ്പാദനം ആരംഭിക്കാം എന്നു പ്രതീക്ഷിക്കുന്നു.

പെൻകോസ്

763 [1127] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ സ്ഥാപിച്ചു നടത്തി വന്നിരുന്ന പെൻകോസ് എന്ന സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly